# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2275** **05/12/2018-ൽ മറുപടിയ്ക്ക്**

### കുട്ടികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കുട്ടികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളെ സംബന്ധിച്ച് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി അവരുടെ കടമ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം റിവ്യൂ ചെയ്യുക, ഓരോ മൂന്ന് മാസം കൂടുമ്പോഴും ത്രൈമാസ പുരോഗതി റിപ്പോർട്ട് പരിശോധിയ്ക്കുക, ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പരാതികൾ, പരാതി പരിഹാരം എന്നിവയ്ക്കുള്ള അധികാരം ജില്ലാ മജിസ്റ്റ്രേറ്റിനാണ്. ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ ഉത്തരവിൻ മേൽ പരാതി ഉള്ള പക്ഷം സെഷൻസ് കോർട്ടിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്. |
| (ബി) സംസ്ഥാനത്ത് നടക്കുന്ന പല പ്രതിഷേധ സമരങ്ങൾക്കും മുമ്പിൽ കുട്ടികളെ മനുഷ്യ പരിചയായി ഉപയോഗിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചി-ട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ